
അന്വേഷണം

ബദീഉസ്സമാൻ

# മുനീർ കമീഷൻ റിപ്പോർട്ട്
# മൗദൂദിക്ക് പറയാനുള്ളത്



"മുനീർ റിപ്പോർട്ടിൽ എന്നോട് ചേർത്തു പറഞ്ഞ കാര്യങ്ങളിൽ കൂടിയ അളവിൽ വക്രീകരണം നടത്തിയിട്ടുണ്ട്. ഇന്ത്യയിൽ മനുവിന്റെ ധർമശാസ്ത്രം നടപ്പിലാവുകയും മുസ്‌ലിംകളോട് മ്ലേഛരോടും ശൂദ്രരോടുമെന്ന പോലെ പെരുമാറുകയും ചെയ്താലും ഞാൻ സംതൃപ്തനാണെന്ന് പറഞ്ഞിട്ടില്ല. അത് മുനീർ സാഹിബ് അദ്ദേഹത്തിന്റെ കാര്യം എന്റെ മേൽ വെച്ചുകെട്ടിയതാണ്."

– മൗലാനാ മൗദൂദി

**മുനീർ** കമീഷൻ റിപ്പോർട്ട്; മൗദൂദിവിരുദ്ധതയുടെ വേദപുസ്തകമാണത്. ജമാഅത്ത് വിരുദ്ധ പരിശീലന കളരിയിലെ എഞ്ചുവടിയും. നമ്മുടെ സാംസ്കാരിക രാഷ്ട്രീയ മാധ്യമ മേഖലകളിലെ പലരെയും ബാധിക്കാറുള്ള 'ജമാഅത്ത് ബാഷിംഗ് ഹിസ്റ്റീരിയ'യുടെ പ്രധാന ലക്ഷണങ്ങളിലൊന്നാണ് മുനീർ സൂക്തങ്ങളുടെ ആവർത്തിച്ചുള്ള ഉരുവിടൽ. തീവ്ര മതരഹിത ക്യാമ്പിലെ ഹമീദ്-കാരശ്ശേരിമാർക്ക് ജമാഅത്തിന്റെ മതരാഷ്ട്ര ഭ്രാന്തിന് തെളിവാണ് പ്രസ്തുത റിപ്പോർട്ട്. ഗോൾവാൾക്കർ-മൗദൂദി അച്ചുതണ്ട് തിസീസ് മുന്നോട്ടുവെച്ച സീതാറാം യെച്ചൂരിയുടെ പ്രധാന അവലംബം ഇതുതന്നെ. ഗ്ലോബൽ ജിഹാദിന്റെ സൈദ്ധാന്തിക പ്രഭവകേന്ദ്രങ്ങളെ പറ്റി 'അക്കോഡിംഗ് റ്റു ദ റിലൈയബ്ൾ സോഴ്സ'സും 'ആസ്പെർ ദ അവയ്‌ലബ്ൾ ഇൻഫർമേഷ'നും ആധാരമാക്കി ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പ്രവീൺ സ്വാമിയുടെ ബിബ്ലിയോഗ്രഫിയിൽ മുഖ്യ സ്ഥാനവും മറ്റൊന്നിനല്ല.

ഏറ്റവുമൊടുവിൽ 'യുറേക്ക'യുമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നത് ടീസ്റ്റ സെറ്റിൽവാദാണ്. ഓർത്തഡോക്സ് കമ്യൂണിസ്റ്റുകളുടെ ഇലക്ഷൻ പ്രചാരണത്തിന്റെ ഭാഗമായി തിരൂരിൽ ചെയ്ത പ്രസംഗത്തിൽ അവർ ജമാഅത്തെ ഇസ്‌ലാമിയെ ആർ.എസ്.എസ്സിനോട് സമീകരിച്ചു. പിന്നീട് തന്റെ പ്രസ്തുത പ്രസംഗത്തെ ചൊല്ലി, അത് താൻ സംഘാടകർക്കൊപ്പിച്ച് പ്രസംഗിച്ച് കൊടുത്തതാണ് എന്നൊരു തെറ്റിദ്ധാരണ പരത്താൻ ചിലരൊക്കെ ശ്രമിക്കുന്നുണ്ടെന്നും എന്നാൽ അത് ശരിയല്ലെന്നും പറഞ്ഞുകൊണ്ട് ഇന്ത്യയിലെ പ്രമുഖ മാധ്യമ പ്രവർത്തകർക്കൊക്കെ ടീസ്റ്റ അയച്ച വിശദീകരണ മെയിലിൽ, തന്റെ ജമാഅത്ത് വിരുദ്ധ ബോധ്യത്തിന്റെ അടിസ്ഥാനമായി ഉദ്ധരിക്കുന്നത് മുനീർ കമീഷൻ റിപ്പോർട്ടിൽ മൗദൂദിയുടേതായി നൽകപ്പെട്ട ഒരു പ്രസ്താവനയാണ്. പ്രസ്തുത മൊഴിയോട് ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് യോജിക്കുന്നുണ്ടോ എന്ന ചോദ്യമാണ് മുഖ്യമായും ടീസ്റ്റ ഉയർത്തുന്നത്. ഇന്ത്യയിലെ മുസ്‌ലിംകൾക്ക് ശൂദ്രരുടെയും മ്ലേഛരുടെയും സ്റ്റാറ്റസ് മതി എന്നു പറഞ്ഞ നേതാവിന്റെ അനുയായികൾക്ക്, ഭരണനിർവഹണത്തിലെ പങ്കാളിത്തത്തിനും രാഷ്ട്രീയ പ്രക്രിയയിലെ പങ്കിനും വേണ്ടി വാദിക്കാൻ എന്തർഹത എന്നതാണ് വിമർശനത്തിന്റെ കാതൽ. ഇനി അഥവാ അത് വേണമെന്നുണ്ടെങ്കിൽ മൗദൂദിയെ തള്ളിപ്പറയൽ അതിന്റെ പ്രഥമോപാധിയാണെന്ന് ചുരുക്കം. ഈ പശ്ചാത്തലത്തിൽ പ്രസ്തുത മൗദൂദി പ്രസ്താവനയുടെ യാഥാർഥ്യമന്വേഷിക്കുന്നത് സംഗതമാവുമെന്ന് തോന്നുന്നു.


### അഹ്മദിയാ വിരുദ്ധ പ്രക്ഷോഭവും ജമാഅത്തും

പലരും ധരിച്ചിരിക്കുന്ന പോലെ മൗദൂദിയോ ജമാഅത്തോ സംഘടിപ്പിച്ച ഒന്നായിരുന്നില്ല പാകിസ്താനിലെ ഖാദിയാനീ വിരുദ്ധ പ്രക്ഷോഭം. അഹ്മദിയാക്കളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കണമെന്നും, അവരിൽപെട്ട ചൗധരി സഫറുല്ലാ ഖാനെ വിദേശകാര്യ മന്ത്രി പദവിയിൽനിന്ന് മാറ്റണമെന്നും, ഉന്നത പദവികൾ വഹിക്കുന്ന അഹ്മദികളെ നീക്കം ചെയ്യണമെന്നുമാവശ്യപ്പെട്ട് വിവിധ മുസ്‌ലിം സംഘടനകൾ ചേർന്നാണ് 1953ൽ പ്രസ്തുത പ്രക്ഷോഭം സംഘടിപ്പിച്ചത്.

മുഖ്യമായും ദയബൂന്ദ് ധാരയിൽപെട്ട അഹ്‌റാർ പാർട്ടിക്കാരാണ് അഹ്മദിയാ പ്രശ്നം നേരത്തെ തന്നെ ഉന്നയിച്ചുകൊണ്ടിരുന്നത്. ഇത് പലപ്പോഴും ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ തന്റെ അഹ്മദീ ബന്ധം ന്യായീകരിച്ചുകൊണ്ട് 1952 മെയ് 18ന് കറാച്ചി ജഹാംഗീർ പാർക്കിലെ അഹ്മദിയാ അൻജുമൻ സമ്മേളനത്തിൽ സഫറുല്ലാ ഖാൻ ചെയ്ത പ്രസംഗം എരിതീയിൽ എണ്ണയൊഴിച്ച പ്രതീതിയുണ്ടാക്കുകയും അത് അഖില പാകിസ്താൻ മുസ്‌ലിം പണ്ഡിത കൺവെൻഷൻ വിളിച്ചുകൂട്ടുന്നതിലേക്ക് നയിക്കുകയും ചെയ്തു. ഈ കൺവെൻഷനിൽ മൗദൂദി സാഹിബ് ഉൾപ്പെടെയുള്ള ജമാഅത്ത് നേതാക്കൾ ക്ഷണിക്കപ്പെടുകയും പങ്കെടുക്കുകയും ചെയ്തു.

പാകിസ്താനിൽ ഭരണഘടനാ നിർമാണം നടക്കുന്ന ഘട്ടമായിരുന്നു അത്. അതിനാൽതന്നെ ഖുർആനും സുന്നത്തും അടിസ്ഥാനമാക്കിയുള്ള ഒരു ഭരണഘടന രൂപംകൊണ്ടു കഴിഞ്ഞാൽ അഹ്മദീ പ്രശ്നത്തിന് അതിൽ പരിഹാരമുണ്ടാവുമെന്നും അതിന് കാത്തുനിൽക്കാതെ അപക്വമായി ചാടിവീണ് ആ പ്രശ്നമുയർത്തുന്നത് ഭരണഘടനാ രൂപീകരണത്തെ ബാധിക്കുമെന്നുമായിരുന്നു മൗദൂദിയുടെയും ജമാഅത്തിന്റെയും നിലപാട്. പണ്ഡിത സമ്മേളനത്തിൽ പങ്കെടുത്ത് അവർ അത് വ്യക്തമാക്കുകയും ചെയ്തതാണ്. അതുപോലെ, ദേശീയാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന ഒരു മജ്‌ലിസെ അമലിനായിരിക്കണം പ്രക്ഷോഭ പരിപാടി സംബന്ധിച്ച് തീരുമാനങ്ങളെടുക്കാനുള്ള മുഴുവൻ അധികാരവും ഉത്തരവാദിത്വവും എന്നും ജമാഅത്ത് ആവശ്യപ്പെട്ടു. മറ്റുള്ളവർ തത്ത്വത്തിൽ ഇതിനോട് യോജിച്ചെങ്കിലും പ്രയോഗത്തിൽ അത് ലംഘിക്കപ്പെട്ടു. പ്രക്ഷോഭകർ പ്രധാനമന്ത്രി ഖ്വാജാ നാസിമുദ്ദീൻ ഒരു മാസത്തിനുള്ളിൽ തങ്ങളുടെ ആവശ്യങ്ങളിന്മേൽ തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ട് 1953 ജനുവരി മധ്യത്തിൽ അന്ത്യശാസനം നൽകുകയും അല്ലാത്തപക്ഷം തങ്ങൾ ഡയറക്ട് ആക്ഷന് ഇറങ്ങുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഫെബ്രുവരി 27ന് അന്ത്യശാസനം തള്ളിക്കളഞ്ഞ സർക്കാർ പ്രക്ഷോഭത്തിൽ പങ്കാളികളായ മുഴുവൻ ഉലമാക്കളെയും അറസ്റ്റ് ചെയ്തു. ഇത് പ്രശ്നം രൂക്ഷമാക്കുകയും പഞ്ചാബിൽ രക്തച്ചൊരിച്ചിൽ ഉണ്ടാവുകയും, 1953 മാർച്ച് ആറിന് ലാഹോറിൽ മാർഷൽ ലോ പ്രഖ്യാപിക്കേണ്ടിവരികയും ചെയ്തു. ഇതിലേക്ക് നയിച്ച സാഹചര്യങ്ങളെയും അതിന്റെ ഉത്തരവാദികളെയും ഗവൺമെന്റ് സ്വീകരിച്ച നടപടികളെയും കുറിച്ച് പഠിക്കാൻ പിന്നീട് പാക് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് മുഹമ്മദ് മുനീർ അധ്യക്ഷനായി, 1953 ജൂൺ 19ന് നിയമിച്ച അന്വേഷണ കോടതിയുടെ റിപ്പോർട്ടാണ് മുനീർ കമീഷൻ റിപ്പോർട്ട് എന്ന് അറിയപ്പെടുന്നത്.

ഖാദിയാനീ വിരുദ്ധ പ്രക്ഷോഭത്തിന്റെ മുഖം ബംഗാളിയായ ഖ്വാജാ നാസിമുദ്ദീന് നേരെയായതിനും, പഞ്ചാബ് പ്രവിശ്യ പ്രക്ഷോഭത്തിന്റെ കേന്ദ്ര സ്ഥാനം ആയതിനും പിന്നിൽ, പഞ്ചാബ് മുഖ്യമന്ത്രി മുംതാസ് ഖാൻ ദൗലത്താനയുടെ രാഷ്ട്രീയ താൽപര്യവും ബംഗാളി വിരുദ്ധ വംശീയ വികാരവും ഉള്ളതായി ജമാഅത്ത് മനസ്സിലാക്കിയിരുന്നു. പക്ഷേ അത് പരസ്യമായി പറയാൻ കഴിയാത്ത വിധം മുസ്‌ലിം-അഹ്മദീ ധ്രുവീകരണം പാക് സമൂഹത്തിൽ ശക്തിപ്പെട്ടിരുന്നു. ഡയറക്ട് ആക്ഷനെ ജമാഅത്ത് എതിർക്കുകയും പ്രവർത്തകരെ അതിന്റെ വളണ്ടിയർമാരാകുന്നതിൽനിന്ന് വിലക്കുകയും ചെയ്തു. പക്ഷേ അഹ്‌റാർ പാർട്ടിക്കാരുടെ മുഖ്യ കാർമികത്വത്തിൽ രൂപംകൊണ്ട ശക്തമായ അഹ്മദീ വിരുദ്ധ വികാരത്തോടൊപ്പം നിൽക്കാത്തവരുടെ, പ്രവാചകത്വ പരിസമാപ്തിയിലെ വിശ്വാസം പോലും ചോദ്യംചെയ്യപ്പെടുന്ന ഒരു വൈകാരികാവസ്ഥ സൃഷ്ടിക്കപ്പെട്ടിരുന്നതിനാൽ ഡയറക്ട് ആക്ഷനോട് വിയോജിച്ചിട്ടും സംഘടനകളുടെ കൂട്ടായ്മയിൽനിന്ന് വിട്ടുപോരാൻ ജമാഅത്തിന് കഴിഞ്ഞില്ലെന്ന് ഖുറം മുറാദ് നിരീക്ഷിച്ചിട്ടുണ്ട്.


നജാത്തുല്ലാ സിദ്ദീഖി

### മുനീർ റിപ്പോർട്ടും മൗദൂദിയും

ജസ്റ്റിസ് മുനീർ പാകിസ്താനിലെ സെക്യുലർ ലോബിയുടെ ശക്തനായ വക്താവായിരുന്നു. രാഷ്ട്രീയ, സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാനമാകാൻ മതത്തിനാവില്ലെന്നും സെക്യുലർ രാജ്യമായി മാത്രമേ പാകിസ്താന് മുന്നോട്ടുപോകാനാകൂ എന്നുമുള്ള തന്റെ വീക്ഷണം സ്ഥാപിക്കാനുള്ള ത്വര അന്വേഷണ റിപ്പോർട്ടിലുടനീളം കാണാവുന്നതാണ്. തന്റെ മുമ്പിൽ വന്ന മുഴുവൻ ഉലമാക്കളോടും അദ്ദേഹം ഇസ്‌ലാമിലെ വിവിധ ധാരകൾ തമ്മിലുള്ള ചില്ലറ വ്യത്യാസങ്ങളെ പോലും പർവതീകരിച്ച് കാണിച്ചും പാകിസ്താനിൽ ഇസ്‌ലാമിക ഭരണം വന്നാൽ ഇന്ത്യ ഹിന്ദു രാഷ്ട്രമാകാനുള്ള സാധ്യത ചൂണ്ടികാണിച്ചും ചോദ്യങ്ങൾ ഉന്നയിക്കുന്നത് ഈ ഉദ്ദേശ്യം മനസ്സിൽ വെച്ചാണ്. ഇതാണ് മൗദൂദിയുടേതായി വന്ന ഉദ്ധരണിയുടെ പശ്ചാത്തലം. മൗദൂദിയോട് ഉന്നയിക്കപ്പെടുന്ന ചർച്ചാ വിഷയകമായ ചോദ്യവും അതിനുള്ള ഉത്തരവും റിപ്പോർട്ടിൽ നൽകിയിരിക്കുന്നത് ഇങ്ങനെ:

"ചോദ്യം: നമ്മൾക്ക് പാകിസ്താനിൽ (ഇപ്രകാരമുള്ള) ഒരു ഇസ്‌ലാമിക ഗവൺമെന്റ് ഉണ്ടാവുകയാണെങ്കിൽ (ഇന്ത്യയിൽ) ഹിന്ദുക്കളെ അവരുടെ മതത്തിന്റെ അടിസ്ഥാനത്തിലുള്ള ഭരണഘടനയുണ്ടാക്കാൻ താങ്കളനുവദിക്കുമോ?

മറുപടി: തീർച്ചയായും. അങ്ങനെയുള്ള (ഇന്ത്യയിലെ) ഗവൺമെന്റ്, ഇന്ത്യൻ മുസ്‌ലിംകളെ മ്ലേഛന്മാരോ ശൂദ്രന്മാരോ ആയി കണക്കാക്കിയാലും ഗവൺമെന്റിലെ പങ്കാളിത്തവും പൗരാവകാശങ്ങളും നിഷേധിച്ചു കൊണ്ട് മനുവിന്റെ നിയമങ്ങൾ അവരുടെ മേൽ നടപ്പിലാക്കിയാലും എനിക്ക് ഒരു എതിർപ്പു

മില്ല. യഥാർഥത്തിൽ അത്തരമൊരവസ്ഥ ഇന്ത്യയിൽ ഇപ്പോൾതന്നെ നിലനിൽക്കുന്നുണ്ട്."

ഇത്ര കടുത്ത ഒരു പ്രസ്താവന തന്റെ പേരിൽ പ്രസിദ്ധീകൃതമായതിന് ശേഷവും കാൽ നൂറ്റാണ്ട് കാലം ജീവിച്ച മൗലാനയോട് തീർച്ചയായും അതേക്കുറിച്ച് ആരെങ്കിലും അന്വേഷിക്കാൻ സാധ്യതയുണ്ടല്ലോ എന്ന് കരുതിയിരിക്കുന്നതിനിടയിലാണ്, ഡോ. നജാത്തുല്ലാ സിദ്ദീഖിക്ക് മൗദൂദി സാഹിബ് തദ്വിഷയകമായി എഴുതിയ കത്തിനെ കുറിച്ചു കേട്ടത്. അലീഗഢ് മുസമ്മിൽ മൻസിലിലെ അദ്ദേഹത്തിന്റെ വീട്ടിൽ പോയി നേരിൽ കണ്ടു. മുനീർ റിപ്പോർട്ട് പരാമർശങ്ങളെ അടിസ്ഥാനപ്പെടുത്തി ഇന്ത്യയിൽ മൗദൂദി-ജമാഅത്ത് വിമർശനങ്ങളുയർന്ന് തുടങ്ങിയപ്പോൾ തന്നെ നജാത്തുല്ലാ സിദ്ദീഖി മൗദൂദിയോട് കാര്യത്തിന്റെ നിജസ്ഥിതി ആരാഞ്ഞു. മറുപടിയായി 1962 ആഗസ്റ്റ് 20ന് മൗലാനാ എഴുതിയ കത്ത് ഇങ്ങനെ:

"മുനീർ റിപ്പോർട്ടിൽ എന്നോട് ചേർത്തു പറഞ്ഞ കാര്യങ്ങളിൽ കൂടിയ അളവിൽ വക്രീകരണം നടത്തിയിട്ടുണ്ട്. ഇന്ത്യയിൽ മനുവിന്റെ ധർമശാസ്ത്രം നടപ്പിലാവുകയും മുസ്‌ലിംകളോട് മ്ലേഛരോടും ശൂദ്രരോടുമെന്ന പോലെ പെരുമാറുകയും ചെയ്താലും ഞാൻ സംതൃപ്തനാണെന്ന് പറഞ്ഞിട്ടില്ല. അത് മുനീർ സാഹിബ് അദ്ദേഹത്തിന്റെ കാര്യം എന്റെ മേൽ വെച്ചു കെട്ടിയതാണ്. അദ്ദേഹത്തിന്റെ ചോദ്യം ഇതായിരുന്നു: പാകിസ്താനിൽ താങ്കൾ ഇസ്‌ലാമിക ഗവൺമെന്റ് ആഗ്രഹിക്കുന്നു എങ്കിൽ ഇന്ത്യയിൽ ഹിന്ദു സർക്കാർ നിലവിൽ വരികയും മനുവിന്റെ ധർമശാസ്ത്രം നടപ്പിലാക്കുകയും മുസ്‌ലിംകളോട് ശൂദ്രരോടും മ്ലേഛരോടുമെന്ന പോലെ പെരുമാറുകയും ചെയ്യുന്നത് താങ്കൾ തൃപ്തിയോടെ കാണുമോ? ഞാൻ അദ്ദേഹത്തോട് ഇങ്ങനെയാണ് പറഞ്ഞത്: "ഇന്ത്യയിൽ എന്തു ചെയ്യണം, ചെയ്യേണ്ട എന്ന് തീരുമാനിക്കേണ്ടത് അവിടത്തെ ഹിന്ദുക്കളുടെ ജോലിയാണ്. നമ്മോട് ചോദിച്ചല്ലല്ലോ അവർ അവരുടെ വ്യവസ്ഥയുണ്ടാക്കുന്നത്. നമ്മുടെ പണി, നമുക്ക് തീരുമാനാധികാരം ലഭിച്ചിടത്ത്, നമ്മുടെ ദീനിനും ഈമാനിനും അനുസൃതമായി ജോലിയെടുക്കുക എന്നതാണ്. നമ്മൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഇന്ത്യയിൽ ഹിന്ദുക്കൾ അവർ ആഗ്രഹിക്കുന്നത് ചെയ്യും. താങ്കൾ എന്ത് കാര്യമാണോ 'എങ്കിൽ' വെച്ച് എന്നോട് ചോദിച്ചത് അതിനേക്കാൾ ഗുരുതരമായ അവസ്ഥയാണ് അവിടെ പ്രകടമാകുന്നതും ആയിക്കൊ



ജസ്റ്റിസ് മുനീർ

**താൻ വിയോജിക്കുന്നു എന്നതുകൊണ്ട് മാത്രം ഒരാൾക്കെതിരിൽ നുണകളും അപവാദങ്ങളും പ്രചരിപ്പിക്കുക എന്നത് സംസ്കാരം കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തിക്കോ സമൂഹത്തിനോ ഭൂഷണമല്ല. സാമൂഹിക ജീവിതത്തിന്റെ ഈ പ്രാഥമിക മര്യാദ പാലിക്കാൻ മനഃപൂർവമെന്നോണം മറന്നുപോകുന്നു എന്നതാണ് നമ്മുടെ മാധ്യമങ്ങളിൽ നിറഞ്ഞാടുന്ന വിശകലന വിശാരദന്മാരുടെ മൗദൂദി-ജമാഅത്ത് വിമർശനത്തിന്റെ ഏറ്റവും വലിയ ബലഹീനത.**

ണ്ടിരിക്കുന്നതും. എന്തെങ്കിലും കുറവ് അതിലുണ്ടെങ്കിൽ അതുകൂടി പൂർത്തീകരിക്കപ്പെടും. അത് എന്തു തന്നെയായാലും നമ്മളിവിടെ ചെയ്യേണ്ടത് നമ്മുടെ ബാധ്യത നിർവഹിക്കുക എന്നതാണ്. എന്റെ വിശദമായ ഈ പ്രസ്താവനയുടെ ചുരുക്കമാണ് റിപ്പോർട്ടിൽ കാണുംവിധം മുനീർ സാഹിബ് ചേർത്തിരിക്കുന്നത്."

ഈ കത്ത് നജാത്തുല്ലാ സിദ്ദീഖിയുടെ *ഇസ്‌ലാം, മആശിയാത്ത് ഔർ അദബ്: ഖുതൂത് കീ ആയിനേ മേം* (പ്രസാധനം: എജ്യുക്കേഷനൽ ബുക് ഹൗസ്, ഷംഷാദ് മാർക്കറ്റ്, അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റി) എന്ന കത്തുകളുടെ സമാഹാരത്തിൽ (പ്രസാധനം 2000ൽ) ചേർത്തിട്ടുണ്ട്.

ഇതാണ് മൗദൂദിയുടെ പരാമർശം സംബന്ധിച്ച വസ്തുത. തീർച്ചയായും സെക്യുലർ ലോബിക്ക് മൗദൂദിയെ വിമർശിക്കാൻ അവകാശമുണ്ട്. ദൈവത്തിന്റെ പരമാധികാരവും ഭൂമിയിൽ മനുഷ്യന്റെ പ്രാതിനിധ്യവും എന്നത് കേന്ദ്ര പ്രമേയമാക്കി മനുഷ്യന്റെ പ്രശ്നങ്ങളെ വിശദീകരിക്കാൻ ശ്രമിച്ച മൗദൂദിയെയും അദ്ദേഹത്തിന്റെ പഠന പ്രവർത്തനങ്ങളെയും സാമൂഹിക രാഷ്ട്രീയ മേഖലകളിൽനിന്ന് ദൈവ-മത ബന്ധിതമായ സകലതിന്റെ നിഷ്കാസനവും വിപാടനവും ആധാരമാക്കുന്ന ഒരു ലോകവീക്ഷണത്തിന്റെ കണ്ണിലൂടെ നോക്കുമ്പോൾ, വിമർശനത്തിനുള്ള സാധ്യതകൾ അനന്തമാണ്. എന്നല്ല മുപ്പത് വർഷം മുമ്പ് മാത്രം നമുക്കിടയിൽനിന്ന് ഒരുപാട് സ്വാധീനങ്ങൾ സൃഷ്ടിച്ചു കടന്നുപോയ ഒരു മനുഷ്യന്റെ ചിന്തകളെയും ആശയപരിസരങ്ങളെയും നിരൂപണങ്ങൾക്കും വിമർശനങ്ങൾക്കും വിധേയമാക്കുക എന്നത് ജീവിച്ചിരിക്കുന്ന ഒരു സമൂഹത്തിന്റെ സ്വാഭാവിക പ്രക്യതമാണ്. പക്ഷേ താൻ വിയോജിക്കുന്നു എന്നതുകൊണ്ട് മാത്രം ഒരാൾക്കെതിരിൽ നുണകളും അപവാദങ്ങളും പ്രചരിപ്പിക്കുക എന്നത് സംസ്കാരം കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തിക്കോ സമൂഹത്തിനോ ഭൂഷണമല്ല. സാമൂഹിക ജീവിതത്തിന്റെ ഈ പ്രാഥമിക മര്യാദ പാലിക്കാൻ മനഃപൂർവമെന്നോണം മറന്നുപോകുന്നു എന്നതാണ് നമ്മുടെ മാധ്യമങ്ങളിൽ നിറഞ്ഞാടുന്ന വിശകലന വിശാരദന്മാരുടെ മൗദൂദി-ജമാഅത്ത് വിമർശനത്തിന്റെ ഏറ്റവും വലിയ ബലഹീനത.

പിൻകുറി: *ഇക്കാര്യം പ്രതിപാദിച്ചും പ്രതികരണമാരാഞ്ഞും ടീസ്റ്റ സെറ്റൽവാദിന് വിശദമായ ഒരു ഇ-മെയിൽ അയച്ചിരുന്നു. രണ്ട് റിമൈന്ററുകൾക്ക് ശേഷവും മറുപടി കാണാതിരുന്നതിനെ തുടർന്ന് ഫോണിൽ ബന്ധപ്പെട്ടു. രണ്ടു ദിവസത്തിനുള്ളിൽ അയക്കുമെന്ന് പറഞ്ഞ മറുപടി ഒരു മാസമായിട്ടും എത്തിയിട്ടില്ല. മൊബൈലിൽ ബന്ധപ്പെടാൻ നടത്തിയ ഒരുപാട് ശ്രമങ്ങൾ, അഭിവാദനത്തിന് ശേഷം പേര് പറയുന്നതോടെ മുറിഞ്ഞുപോകുന്നു.* ■